**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 240** **13-10-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിലെ കോവിഡ് വ്യാപനം തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ . ഷാഫി പറമ്പിൽ ,<br>ശ്രീ എം വിൻസെൻറ് ,<br>ശ്രീ സി ആർ മഹേഷ്** | | **Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിൽ കോവിഡ് വ്യാപനം രൂക്ഷമാകുന്നത് തടയുന്നതിന് ആരോഗ്യവകുപ്പിന്റെ സഹകരണത്തോടെ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ വിശദമാക്കാമോ; | (എ) | പട്ടികവർഗ്ഗ മേഖലകളിൽ കോവിഡ് രോഗ വ്യാപനം തടയുന്നതിന്റെ ഭാഗമായി വകുപ്പ് സ്വീകരിച്ച് വരുന്ന നടപടികൾ ചുവടെ ചേർക്കുന്നു. ബോധവൽക്കരണ പ്രവർത്തനങ്ങൾ കോവിഡ് 19 രോഗപ്രതിരോധ പ്രവർത്തന ങ്ങളുടെ ഏകോപനത്തിനായി പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറേറ്റിൽ പ്രത്യേക സെൽ പ്രവർത്തിക്കുന്നു. സംസ്ഥാനത്തെ എല്ലാ പട്ടികവർഗ്ഗ കോളനി കളിലും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, ആരോഗ്യ വകുപ്പ് എന്നിവയുമായി ചേർന്ന് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളെ ക്കുറിച്ചുള്ള വിപുലമായ ബോധവൽക്കരണം നടത്തി വരുന്നു. തുടർ സേവനം ലഭ്യമാകുന്നതിനുള്ള ഹെൽപ്പ് ലൈൻ നമ്പറുകളും ഇവർക്ക് നൽകിയിട്ടുണ്ട്. രോഗ ലക്ഷണങ്ങൾ സംശയിക്കുന്നവരെ ക്വാറന്റീനിലാക്കി നിരീക്ഷിക്കുകയും രോഗ ലക്ഷണങ്ങളുള്ളവരെ ടെസ്റ്റിന് വിധേയമാക്കു കയും ചെയ്തു. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടുള്ള മെഡിക്കൽ ക്യാമ്പുകൾ നടത്തി വരുന്നു. കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾക്ക് ഗോത്രഭാഷയിലുള്ള ലഘുലേഖകളും, ഹ്രസ്വ ചിത്രങ്ങളും ബോധവത്ക്കരണ പ്രവർത്തന ങ്ങൾക്കായി ഉപയോഗിക്കുന്നു. ആരോഗ്യ പ്രവർത്തനങ്ങൾ ആരോഗ്യ വകുപ്പുമായി ചേർന്ന് തിരുവനന്തപുരം, വയനാട്, കോഴിക്കോട്, എറണാകുളം, കോട്ടയം തുടങ്ങിയ ജില്ലകളിൽ പട്ടികവർഗ്ഗക്കാർക്കായി പ്രത്യേക വാക്സിനേഷൻ ക്യാമ്പുകൾ സംഘടിപ്പിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ കോളനികളിൽ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ, പ്രൊമോട്ടർമാർ എന്നിവർ മുഖേന ബോധവൽക്കരണം നടത്തുകയും വാക്സിൻ |

| | | | |
|---|---|---|---|
| | | | രജിസ്ട്രേഷന് സഹായിക്കുകയും ചെയ്തിട്ടുണ്ട്. പട്ടികവർഗ്ഗക്കാർക്ക് വകുപ്പ്, സന്നദ്ധ സംഘടനകൾ എന്നിവ മുഖേന മാസ്ക് വിതരണം നടത്തുകയും ആരോഗ്യ വകുപ്പിൽ നിന്നും നൽകിയ നോട്ടീസുകൾ, ബാനറുകൾ, ലഘുരേഖകൾ എന്നിവ കോളനികളിൽ വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. പട്ടികവർഗ്ഗ മേഖലകളിൽ ഭക്ഷ്യ ധാന്യങ്ങൾ, ശുദ്ധ ജലം എന്നിവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കോവിഡ് രോഗബാധിതരല്ലാത്ത മറ്റ് രോഗങ്ങൾക്ക് ചികിത്സയിൽ കഴിയുന്നവർക്കും, നിത്യേന മരുന്ന് കഴിക്കുന്നവർക്കും ആവശ്യമായ മരുന്നുകൾ കൃത്യമായി എത്തിക്കുന്നതിനും കോവിഡിനുള്ള ഹോമിയോ പ്രതിരോധ മരുന്ന് വിതരണം ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വകുപ്പിന്റെ നേതൃത്വത്തിൽ മെഡിക്കൽ ക്യാമ്പുകൾ നടത്തുകയും ഒ.പി. ക്ലിനിക്കുകൾ, ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറികൾ എന്നിവയുടെ സേവനം, ചികിത്സാസഹായം ആവശ്യമുള്ളവർക്ക് വാഹന സൗകര്യം എന്നിവയും നൽകിവരുന്നു. ഫുഡ് & ന്യൂട്രീഷൻ സപ്പോർട്ട് പദ്ധതി, സമഗ്ര ആരോഗ്യ സുരക്ഷ പദ്ധതി എന്നിവ വകുപ്പ് നടപ്പിലാക്കി വരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ CFLTC, DCC തുടങ്ങിയ കേന്ദ്രങ്ങളാക്കുന്നതിന് വിട്ടുനൽകിയിട്ടുണ്ട്. പട്ടികവർഗ്ഗ സങ്കേതങ്ങളിൽ വ്യാജ മദ്യത്തിന്റെ ഉപയോഗം തടയുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. പട്ടികവർഗ്ഗക്കാർക്ക് MNREGS മുഖേന തൊഴിലും വരുമാനവും ഉറപ്പ് വരുത്തുന്നു. വനവിഭവങ്ങൾ ശേഖരിക്കുന്ന പട്ടിക വർഗ്ഗ ക്കാർക്ക് ആയതിന്റെ വിപണനത്തിനായി വനം വകുപ്പിന്റെ സഹായത്തോടുകൂടി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ആദിവാസി മേഖലകളിൽ കോവിഡ് കാരണം മരണമടഞ്ഞവരുടെ വിവരങ്ങൾ ലഭ്യമാക്കാൻ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | കോവിഡ് കാരണം മരണമടഞ്ഞ പട്ടികവർഗ്ഗക്കാരുടെ വിവരങ്ങൾ വകുപ്പ് തലത്തിൽ ശേഖരിക്കുകയും നിലവിലെ സ്ഥിതി നിരീക്ഷിച്ച് വരുകയും ചെയ്യുന്നു. |
| (സി) | കോവിഡ് കാരണം മരണമടഞ്ഞ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എല്ലാ വ്യക്തികളുടെയും വിവരം ആരോഗ്യവകുപ്പിന്റെ കോവിഡ് മരണ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് വകുപ്പ് പരിശോധന വിധേയമാക്കിയിട്ടുണ്ടോ; | (സി) | പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ട, കോവിഡ് കാരണം മരണമടഞ്ഞ വ്യക്തികളുടെ കണക്കുകൾ വകുപ്പ് തലത്തിൽ ശേഖരിച്ച് വരുന്നു. മരണപ്പെട്ട വ്യക്തികളുടെ വിവരം ആരോഗ്യ വകുപ്പിന്റെ കോവിഡ് മരണ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനായി നടപടി സ്വീകരിക്കുന്നതാണ്. പട്ടിക ജാതി വികസന വകുപ്പ് ഇക്കാര്യത്തിൽ കണക്കുകൾ ശേഖരിച്ചുവരുന്നുണ്ട്. |
| (ഡി) | കോവിഡ് കാരണം മരണമടഞ്ഞ പട്ടികജാതി, | (ഡി) | കോവിഡ് 19 മൂലം മരണപ്പെട്ട നിർദ്ധനരായ |

| | | | |
|---|---|---|---|
| | പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എല്ലാവരുടെയും കുടുംബങ്ങൾക്ക് ദുരിതാശ്വാസ തുക ഉറപ്പുവരുത്താൻ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | | പട്ടികവർഗ്ഗക്കാരായ ആളുകൾക്ക് വകുപ്പിന്റെ ചികിത്സാ ധനസഹായം പദ്ധതിയിൽ നിന്നും അടിയന്തിര ചെലവുകൾക്കായ് തുക നൽകുന്നുണ്ട്. കോവിഡ് ബാധിച്ച് മരണമടഞ്ഞ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗക്കാരിൽ ഏകവരുമാന ദായകരുണ്ടെങ്കിൽ അവരുടെ കുടുംബങ്ങൾക്ക് 2 ലക്ഷം രൂപ വരെ ധനസഹായം അനുവദിക്കുന്ന പദ്ധതി പ്രകാരം പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകളിൽ നിന്നും തുക അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നു. |

സെക്ഷൻ ഓഫീസർ